"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുമരാമത്ത് വകുപ്പ് - കൊല്ലം ജില്ലയിലെ "Upgradation of Roads-Improvements to Ambalamkunnu- Poredom Road by laying DBM and BC in Kollam District (Ambalamkunnu-Roadvila- Poredom Road)-General Civil Work "എന്ന പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(കൈ) നം.40/2025/PWD തീയതി,തിരുവനന്തപുരം, 19-06-2025

---

പരാമർശം:-

1. 10.07.2017-ലെ സ.ഉ(സാധാ)942/2017/പൊമവ
2. സ.ഉ (കൈ) നം. 69/2018/ തീയതി 24.02.2018
3. സ.ഉ (പി)നം. 54/2019/ധന തീയതി 04.05.2019
4. കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 16.09.2019-ലെ PWD015-21/APR-2/2019/KIIFB നം. നടപടിക്രമങ്ങൾ
5. സ.ഉ (പി)നം.47/2025/ധന തീയതി 11.04.2025
6. പ്രോജക്റ്റ് ഡയറക്ടർ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് , കേരള റോഡ് ഫണ്ട് ബോർഡ്-ന്റെ 10.03.2025, 16.06.2025 തീയതികളിലെ PDKRFB-KLM/3/2024-T4, 10.04.2025-ലെ നം. PDKRFB-KLM/3/2024-T2 കത്തുകൾ.

**<u>ഉത്തരവ്</u>**

കിഫ്ബി പദ്ധതികളിലുൾപ്പെടുത്തി 'Ambalamkunnu-Roadvila- Poredom Road' പ്രവൃത്തിക്ക് മേൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം 10 കോടി രൂപയ്ക്ക് തത്വത്തിലുള്ള അനുമതി നൽകിയിരുന്നു. പ്രവൃത്തിക്കായി മേൽ പരാമർശം 4 പ്രകാരം കിഫ്ബിയിൽ നിന്ന് 28.758 കോടി രൂപക്ക് സാമ്പത്തിക അനുമതി ലഭിച്ചിരുന്നു. തുടർന്ന്, എഫ്ഡിആറിൽ നിന്ന് പ്രവൃത്തി ഒഴിവാക്കാനും, ആവശ്യമായ സ്ഥലത്ത് ഐറിഷ് ഡ്രെയിനോട്ട കൂടിയ പരമ്പരാഗത ഡിജിബിഎം-ബിസി ഓവർലേ ഉപയോഗിച്ച് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും, ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്താനും കിഫ്ബി നിർദ്ദേശിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ "Upgradation of Roads-Improvements to Ambalamkunnu- Poredom Road by laying DBM and BC in Kollam District (Ambalamkunnu-Roadvila- Poredom Road)-General Civil Work " പ്രവൃത്തിക്ക് 26.10.2024 ന് 8.71 കോടി രൂപയുടെ സാങ്കേതിക അനുമതി ലഭിച്ചു.

2. പ്രവൃത്തി 16.11.2024-ൽ ആദ്യം ടെൻഡർ ചെയ്തെങ്കിലും ബിഡുകളൊന്നും ലഭിച്ചില്ല.

പ്രവൃത്തി 02.12.2024-ൽ ആദ്യം റീടെൻഡർ ചെയ്തെങ്കിലും പ്രസ്തുത റീടെണ്ടറിലും ബിഡുകളൊന്നും ലഭിച്ചിരുന്നില്ല. 18.12.2024-ലെ രണ്ടാമത്തെ റീടെണ്ടറിൽ ശ്രീധന്യ കൺസ്ട്രക്ഷൻ കമ്പനിയിൽ നിന്ന് സിംഗിൾ ബിഡ് ലഭിച്ചു. 13.01.2025-ന് ചേർന്ന 175-ാമത് സാങ്കേതിക സമിതി ബിഡ്ഡറുടെ പ്രീ-ക്വാളിഫിക്കേഷൻ മാനദണ്ഡങ്ങൾ സൂക്ഷ്മമായി പരിശോധിക്കുകയും ബിഡ്ഡർ യോഗ്യത നേടുകയും ചെയ്തു. അതനുസരിച്ച് ശ്രീധന്യ കൺസ്ട്രക്ഷൻ കമ്പനിയുടെ സാമ്പത്തിക ബിഡ് 16.01.2025-ന് തുറക്കുകയും ക്വാട്ട് ചെയ്ത തുക 9,21,12,386.4 രൂപ, എന്നത് എസ്റ്റിമേറ്റ് പിഎസി ആയ 7,38,76,359/- രൂപയേക്കാൾ 24.68% കൂടുതലാണ്. മേൽ പരാമർശം 3-ലെ ഉത്തരവിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, ഉയർന്ന തുക ക്വാട്ട് ചെയ്ത ബിഡറുമായി ചർച്ച നടത്തി, എന്നാൽ ബിഡർ നിരക്കുകൾ കുറയ്ക്കാൻ തയ്യാറായില്ല, നെഗോഷ്യേറ്റ് ചെയ്ത കോട്ടട് തുക 9,21,12,386.4 രൂപയായിരുന്നു, ഇത് എസ്റ്റിമേറ്റ് പിഎസിയെക്കാൾ 24.68% കൂടുതലും എൽഎംആർ എസ്റ്റിമേറ്റ് തുകയായ 8,73,32,731.24/- രൂപയേക്കാൾ 5.47% കൂടുതലുമാണ്.

3. 01/03/2025 ന് നടന്ന 57-ാമത് ടെൻഡർ അംഗീകാര കമ്മിറ്റിക്ക് മുമ്പാകെ പ്രസ്തുത ബിഡ് അവതരിപ്പിച്ചു, നെഗോഷ്യേറ്റഡ് ക്വോട്ടഡ് തുകയായ 9,21,12,386.4/- രൂപ മേൽ പാമർശം 4-ലെ ഉത്തരവ് പ്രകാരം സ്വീകാര്യമായ പരിധിയേക്കാൾ കൂടുതലാണ് എന്നതിനാൽ ശ്രീധന്യ കൺസ്ട്രക്ഷൻ കമ്പനിയുടെ ബിഡ് സർക്കാരിന് കൈമാറാൻ കമ്മിറ്റി ശുപാർശ ചെയ്തു, പ്രവ്ൃത്തി വീണ്ടും റീടെൻഡറിനായി സമർപ്പിച്ചാലും, മികച്ച പ്രതികരണങ്ങൾ ലഭിക്കാനുള്ള സാധ്യത വിരളമാണെന്നും, കൂടാതെ, 2025 ഏപ്രിലിൽ DSoR നിരക്ക് പരിഷ്കരണം ഉണ്ടാകുമെന്നും, പ്രവൃത്തി നടപ്പാക്കുന്നതുമായി പൊതുജനങ്ങളിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും ഇത്തരം പ്രതിഷേധങ്ങൾ നേരിടുന്ന നിലവിലെ സാഹചര്യത്തിൽ, വകുപ്പ് ഉദ്യോഗസ്ഥർ ബുദ്ധിമുട്ടുള്ള സാഹചര്യത്തിലൂടെയാണ് കടന്നുപോകുന്നത് എന്നും അതിനാൽ, എത്രയും വേഗം പ്രവൃത്തി ആരംഭിക്കുന്നതിന് പ്രവൃത്തിക്കായി നെഗോഷ്യേറ്റഡ് ക്വോട്ടഡ് തുകയായ 9,21,12,386.4/- രൂപയ്ക്ക് ടെൻഡർ അംഗീകരിക്കണമെന്നും മേൽ പരാമർശം 6 പ്രകാരം പ്രോജക്ട് ഡയറക്ടർ, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് , കേരള റോഡ് ഫണ്ട് ബോർഡ് അപേക്ഷിച്ചിരുന്നു. കൂടാതെ , മേൽ പരാമർശം 4-ലെ ഉത്തരവ് പ്രകാരം, പ്രവൃത്തിയുടെ എസ്റ്റിമേറ്റ് DsoR 2021 ഉപയോഗിച്ച് വീണ്ടും കണക്കാക്കിയിരുന്നതും അത് പ്രകാരം DsoR 2021+ 10% തുക 8,88,46,601/-യും , L1 ബിഡ്ഡറുടെ ക്വോട്ടഡ് തുക 9,21,12,386/- ഉം ആണ് എന്നും അതായത് ക്വോട്ടഡ് തുക current SOR + 10% നേക്കാൾ 4.04% കൂടുതലാണ്. ക്വാട്ട് ചെയ്ത നിരക്ക് EPAC -യെക്കാൾ 24.68% കൂടുതലും, LMR (@DSOR 2018) — നെക്കാൾ 5.47% കൂടുതലുമാണെന്നും അതിനാൽ മേൽ വിഷയത്തിൽ സർക്കാർ തലത്തിൽ അംഗീകാരം ആവശ്യമാണെന്നും പ്രോജക്ട് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു, കൊല്ലം ജില്ലയിലെ "Upgradation of Roads-Improvements to Ambalamkunnu- Poredom Road by laying DBM and BC in Kollam District (Ambalamkunnu-Roadvila- Poredom Road)-General Civil Work" നിർമ്മാണ പ്രവൃത്തിയ്ക്കായി M/s Sreedhanya Construction Company സമർപ്പിച്ച quoted തുകയായ 9,21,12,386 രൂപ,(ഒമ്പത് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി പന്ത്രണ്ടായിരത്തി മുന്നൂറ്റി എൺപത്തിയാറ് രൂപ) EPAC-യേക്കാൾ 24.68% കൂടുതലും, current SOR + 10% നേക്കാൾ 4.04% കൂടുതലും, LMR (@DSR 2018)-നേക്കാൾ 5.47% കൂടുതലും ആയ സാഹചര്യത്തിൽ സർക്കാർ തലത്തിൽ ടെണ്ടർ അംഗീകരിക്കണമെന്ന കെ.ആർ.എഫ്.ബി പ്രോജക്റ്റ് ഡയറക്ടർ

സമർപ്പിച്ച അപേക്ഷ അംഗീകരിച്ച് മേൽ പരാമർശം 2- ഉത്തരവിലെ ക്ലോസ് 7.2.5 -ലെ വ്യവസ്ഥ പ്രകാരം പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

പ്രോജക്റ്റ് ഡയറക്ടർ, പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് , കേരള റോഡ് ഫണ്ട് ബോർഡ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് എഞ്ചിനീയർ , പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് , കേരള റോഡ് ഫണ്ട് ബോർഡ്, കൊല്ലം
ധനകാര്യ വകുപ്പ് (Infra-3/6/2025-Fin തീയതി 16.05.2025)
പൊതുഭരണ (എസ്.സി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ / വെബ്സൈറ്റ്.

ഉത്തരവിൻ പ്രകാരം

Signed by
Savitha o.d
Date: 19-06-2025 15:08:53

സെക്ഷൻ ഓഫീസർ